# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 316 — 7-8-2017-ൽ മറുപടിയ്ക്ക്

## ജി.എസ്.ടി മൂലമുണ്ടാകുന്ന വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>" വി.ആർ.സുനിൽ കുമാർ<br>ശ്രീമതി. സി. കെ. ആശ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയ സാഹചര്യത്തിൽ പൊതുവിപണിയിൽ വിലക്കയറ്റം ഉണ്ടായിട്ടുണ്ടോ; | (എ) | ജി.എസ്.ടി യിൽ പൂർണ്ണമായും നികുതി ഒഴിവാക്കിയ ചിലസാധനങ്ങൾക്കും, നികുതി നിരക്കിൽ കുറവു വന്ന ചില സാധനങ്ങൾക്കും ആനുപാതികമായ വിലക്കുറവ് വിപണിയിൽ കാണപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ? | (ബി) | വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് പൊതു വിതരണ വകുപ്പ് പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, പൊതു വിതരണ ശൃംഖലയിലെ മറിച്ചു വില്പന എന്നിവ തടയുന്നതിന് ശക്തമായ പരിശോധന നടത്തുന്നുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമം, 1980-ലെ Prevention of Blackmarketing and Maintenance of Supply of Essential Commodities ആക്ട്, 1966-ലെ കെ.ആർ.ഒ എന്നിവ അനുസരിച്ച് ശക്തമായി നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വ്യാപാര കേന്ദ്രങ്ങൾ വില വിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (display of prices by catering establishment) order, 1977-ലെയും 1980-ലെയും Kerala essential commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം ശക്തമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. പായ്ക്ക് ചെയ്ത ഉല്പന്നങ്ങളിൽ പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരം ആവശ്യമായ പ്രഖ്യാപനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉണ്ടോയെന്നും നിയമപരമായി അനുവദിച്ച വിലയേക്കാൾ കൂടിയ വില ഈടാക്കുന്നുണ്ടോയെന്നും സംബന്ധിച്ച വ്യാപകമായ പരിശോധനകൾ ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്നുണ്ട്. MRP-യെക്കാൾ അധിക വില ഈടാക്കിയതു സംബന്ധിച്ച് 48 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാജി ഫീസ് ഇനത്തിൽ 1,55,000/- രൂപയും പാക്കേജ്ഡ് കമ്മോഡിറ്റീസിന്റെ മറ്റു നിയമ ലംഘനങ്ങൾക്ക് 337 കേസ്സുകളും 23,45,500/- രൂപയും, മറ്റു നിയമ ലംഘനങ്ങൾ ഉൾപ്പെടെ ആകെ 2565 കേസ്സുകളും 70,06,000/- രൂപ രാജി ഫീസും ഈടാക്കിയിട്ടുണ്ട്. |

Chithralekha R.G

സെക്ഷൻ ഓഫീസർ